# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

***പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-*** 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2025 ഓഗസ്റ്റ് 15**

---

## മഹാത്മാ ഗാന്ധി സർവകലാശാലയിൽ സ്വാതന്ത്ര്യ ദിനം ആഘോഷിച്ചു

*മഹാത്മാ ഗാന്ധി സർവകലാശാലയിൽ നടന്ന സ്വാതന്ത്ര്യ ദിനാഘോഷച്ചടങ്ങിൽ വൈസ് ചാൻസലർ ഡോ.സി.ടി. അരവിന്ദകുമാർ ദേശീയ പതാക ഉയർത്തി സുരക്ഷാ ഉദ്യോഗസ്ഥരുടെ പരേഡിന്റെ അഭിവാദ്യം സ്വീകരിച്ചു.*

*സമൂഹത്തിൽ വർധിച്ചു അസഹിഷ്ണുതക്കെതിരെ ജാഗ്രത പുലർത്താനും സഹവർത്തിത്വത്തിന്റെ മാതൃകകളാകാനും അക്കാദമിക് സമൂഹത്തിന് കഴിയണമെന്ന് അദ്ദേഹം സ്വാതന്ത്ര്യദിന സന്ദേശത്തിൽ നിർദേശിച്ചു.*

*സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. എ.എസ്. സുമേഷ്, അഡ്വ. പി.ബി. സതീഷ് കുമാർ, രജിസ്ട്രാർ ഡോ. ബിസ്മി ഗോപാലകൃഷ്ണൻ, സെനറ്റ് അംഗം എം.എസ്. സുരേഷ്, സർവകാലാശാലയിലെ വകുപ്പ് മേധാവികൾ, അധ്യാപകർ, ജീവനക്കാർ, വിദ്യാർഥികൾ, സംഘടനകളുടെ പ്രതിനിധികൾ തുടങ്ങിയവർ സന്നിഹിതരായിരുന്നു. സെക്യൂരിറ്റി ഓഫീസർ കെ.എം. ജോർജ് പരേഡിന് നേതൃത്വം നൽകി.*

**ഫോട്ടോ ക്യാപ്ഷൻ...**

*മഹാത്മാ ഗാന്ധി സർവകലാശാലയിൽ സ്വാതന്ത്ര്യ ദിനാഘോഷച്ചടങ്ങിൽ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ ദേശീയ പതാക ഉയർത്തുന്നു.*

*(പി.ആർ.ഒ/39/1947/2025)*

## പരീക്ഷാ ഫലം

*മൂന്നാം സെമസ്റ്റർ പിജിസിഎസ് എംഎസ്സി മൈക്രോബയോളജി, എംഎസ്സി ബയോ കെമിസ്ട്രി(സ്പെഷ്യൽ റീ അപ്പിയറൻസ് 2023 അഡ്മിഷൻ ബാച്ചിലുള്ളവർക്ക് മാത്രം) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഓഗസ്റ്റ് 29 വരെ ഓൺലൈനിൽ അപേ*

*ക്ഷിക്കാം.*

*(പി.ആർ.ഒ/39/1948/2025)*

## <u>പിഎച്ച്ഡി കോഴ്സ് വർക്ക് പരീക്ഷ</u>

*മഹാത്മാ ഗാന്ധി സർവകലാശാലയുടെ കീഴിലുള്ളഡിപ്പാർട്ടുമെന്റുകൾ ഒഴികെയുള്ള അംഗീകൃത ഗവേഷണ കേന്ദ്രങ്ങളിൽ 2023ൽ പിഎച്ച്ഡി പ്രോഗ്രാമിന് പ്രവേശനം നേടുകയും കോഴ്സ് വർക്ക് പൂർത്തിയാക്കുകയും ചെയ്ത ഗവേഷക വിദ്യാർഥികൾക്കും സപ്ലിമെന്ററി വിദ്യാർഥികൾക്കുമുള്ള കോഴ്സ് വർക്ക് പരീക്ഷാ വിജ്ഞാപനം പുറപ്പെടുവിച്ചു.* researchonline.mgu.ac.in *വഴി ഓഗസ്റ്റ് 18 മുതൽ അപേക്ഷകൾ സമർപ്പിക്കാം. വിശദ വിവരങ്ങൾ പോർട്ടലിൽ.*

*(പി.ആർ.ഒ/39/1949/2025)*

## <u>സർട്ടിഫിക്കറ്റ് കോഴ്സ്</u>

*വിവിധ ഉൾനാടൻ ജലവാഹനങ്ങൾ കൈകാര്യം ചെയ്യുന്നതിന് പരിശീലനം നൽകുന്ന സർട്ടിഫിക്കറ്റ് കോഴ്സിൽ പ്രവേശനത്തിന് മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസ് അപേക്ഷ ക്ഷണിച്ചു. പ്രായോഗിക പരിശീലനം ഉൾപ്പെടെ മൂന്നു മാസമാണ് ദൈർഘ്യം. യോഗ്യത എസ്.എസ്.എൽ.സി. ഫോൺ– 9447723704; 04812733374.*

*(പി.ആർ.ഒ/39/1950/2025)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**